ഉത്തരം

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ ഖരമാലിന്യങ്ങളോ പാഴ്ജലം, പാഴ് വായു, ശബ്ദ മലിനീകരണം എന്നിവയോ ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള വ്യവസായ ശാലകൾക്കോ മറ്റു വ്യാപാര സ്ഥാപനങ്ങൾക്കോ ലൈസൻസ് നൽകുമ്പോൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജലം/വായു നിയമപ്രകാരമുള്ള 'കൺസന്റ് ടു എസ്റ്റാബ്ലിഷ്' ഉള്ളവർക്കു മാത്രമേ നൽകാവൂ എന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസു പുതുക്കി നൽകുമ്പോൾ ബോർഡിന്റെ 'കൺസന്റ് ടു ഓപ്പറേറ്റ്' ഉള്ളവയ്ക്കേ നൽകാവൂ എന്നും വ്യവസ്ഥയുണ്ട്. പഞ്ചായത്ത്‌രാജ് ചട്ടങ്ങളനുസരിച്ച് എല്ലാ സ്ഥാപനങ്ങളും അതാത് ഇടത്തുണ്ടാകുന്ന മാലിന്യങ്ങൾ സംഭരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും ബാദ്ധ്യസ്ഥരാണ്. മുനിസിപ്പാലിറ്റി ചട്ടങ്ങളിലും ഇതിന് വ്യവസ്ഥയുണ്ട്.

പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് രൂപീകരിക്കുവാൻ നടപടി

10 [663] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരിപക്ഷത്തിന് പ്രാധാന്യമുള്ള ജനാധിപത്യക്രമത്തിൽ, ഭൂരിപക്ഷം വരുന്ന പിന്നോക്ക സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയ ബന്ധിതമായും നടപ്പിലാക്കുവാൻ വേണ്ടി പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് അടിയന്തിരമായി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കടലാക്രമണം തടയുന്നതിൽ കണ്ടൽക്കാടുകളുടെ പ്രാധാന്യം

11 [665] ശ്രീ. ലൂഡി ലൂയിസ്:
„ ജോർജ് ജെ. മാത്യു:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയുന്നതിന് കണ്ടൽക്കാടുകൾ അനുയോജ്യമാണെന്ന് സംസ്ഥാനത്ത് കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാം; ഇതിൽ വേമ്പനാട്ടുകായലും ഉൾപ്പെടുന്നുണ്ടോ;

(ബി) വേമ്പനാട് കായൽതീരത്ത് കണ്ടൽക്കാടിനായുള്ള കർമ്മപദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് പറയാമോ;

(സി) എത്ര ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത് എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly